## രണ്ട് വൃക്ഷങ്ങൾ

**I. ദിവ്യ വെളിപാടിൽ രണ്ട് വൃക്ഷങ്ങളും, രണ്ട് ഉറവിടങ്ങളും, രണ്ട് വഴികളും, രണ്ട് തത്ത്വങ്ങളും, രണ്ട് പരിണതികളും ഉണ്ട്**

- **രണ്ട് വൃക്ഷങ്ങൾ:**
  - ദൈവവുമായുള്ള മനുഷ്യന്റെ ബന്ധത്തിൽ മനുഷ്യന് ജീവനെന്ന നിലയിൽ ത്രിയേക ദൈവത്തെ ജീവവൃക്ഷം സൂചിപ്പിക്കുന്നു
  - ദൈവമുമ്പാകെ മനുഷ്യന്റെ വീഴ്ചയിൽ മനുഷ്യന് മരണമെന്ന നിലയിൽ, ദുഷ്ടനായ പിശാചെന്ന സാത്താനെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം സൂചിപ്പിക്കുന്നു
- **രണ്ട് ഉറവിടങ്ങൾ:**
  - തങ്ങളുടെ സഹായത്തിനും ആസ്വാദനത്തിനും വേണ്ടി ദൈവത്തെ ജീവനായി അന്വേഷിക്കുന്ന മനുഷ്യരുടെ ഉറവിടമാണ് ജീവവൃക്ഷം
  - മരണത്തിലേക്കും നിത്യനാശത്തിലേക്കുമുള്ള വിഷമായ സാത്താനെ പിന്തുടരുന്ന മനുഷ്യരുടെ ഉറവിടമാണ് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം
  - ഈ രണ്ട് ഉറവിടങ്ങളുടെയും ഫലം രണ്ട് രാജ്യങ്ങളാണ്—ദൈവത്തിന്റെ രാജ്യവും സാത്താന്റെ രാജ്യവും
- **രണ്ട് വഴികൾ:**
  - ഒന്നാമത്തെ വഴി, മനുഷ്യർ ദൈവത്തെ അന്വേഷിക്കുവാനും, ദൈവത്തെ നേടുവാനും, ജീവസഹായമെന്ന നിലയിൽ അവന്റെ നിത്യജീവനിൽ ദൈവത്തെ ആസ്വദിക്കുവാനും വേണ്ടിയുള്ള ജീവന്റെ വഴിയായ, ഇടുങ്ങിയ വഴിയാണ്
  - രണ്ടാമത്തെ വഴി, മനുഷ്യർ സാത്താന്റെ മക്കളായിരിക്കുവാൻ അവനെ അനുഗമിക്കുന്നതിനുവേണ്ടിയുള്ള മരണത്തിന്റെയും നന്മതിന്മകളുടെയും വഴിയായ, വിശാലമായ വഴിയാണ്
- **രണ്ട് തത്ത്വങ്ങൾ:**
  - ഒന്നാമത്തെ തത്ത്വം ജീവന്റെ തത്ത്വമാണ്—ദൈവത്തെ ആശ്രയിക്കുന്ന തത്ത്വം
  - രണ്ടാമത്തെ തത്ത്വം മരണത്തിന്റെയും നന്മതിന്മകളുടെയും തത്ത്വമാണ്—ദൈവത്തിൽനിന്നുള്ള സ്വാതന്ത്ര്യത്തിന്റെ തത്ത്വം
- **രണ്ട് പരിണതികൾ:**
  - ദൈവവുമായുള്ള തങ്ങളുടെ ബന്ധത്തിൽ മനുഷ്യർ എടുക്കുന്ന രണ്ടു വഴികളുടെ അന്തിമഫലമാണ് രണ്ട് പരിണതികൾ
  - ദൈവത്തിന്റെ ജീവമാർഗത്തിന്റെ പരിണതി ജീവജലത്തിന്റെ നഗരമായ പുതിയ യെരുശലേമാണ്
  - മരണത്തിന്റെയും നന്മതിന്മകളുടെയും മാർഗത്തിന്റെ പരിണതി തീപ്പൊയ്കയാണ്

## നന്മതിന്മകളുടെ രേഖയിൽനിന്നും ജീവന്റെ രേഖയിലേക്ക് തിരിയണം

**II. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ രേഖയിലുള്ള ഒരു ഇയ്യോബല്ല, മറിച്ച് ജീവവൃക്ഷത്തിന്റെ രേഖയിലുള്ള ഒരു ഇയ്യോബ് ഉണ്ടായിരിക്കുക എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം**

- ഇയ്യോബും അവന്റെ സ്നേഹിതന്മാരും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ മണ്ഡലത്തിലായിരുന്നു; ആ മണ്ഡലത്തിൽനിന്നും അവരെ രക്ഷപ്പെടുത്തുവാനും അവരെ ജീവവൃക്ഷത്തിന്റെ മണ്ഡലത്തിൽ വയ്ക്കുവാനും ദൈവം ശ്രമിക്കുകയായിരുന്നു
- ഇയ്യോബിനോട് ഇടപെടുന്നതിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം, അവൻ പൂർണ അളവിൽ ദൈവത്തെ നേടത്തക്കവണ്ണം അവനെ നന്മതിന്മകളുടെ വഴിയിൽനിന്നും ജീവന്റെ വഴിയിലേക്ക് തിരിക്കുക എന്നതായിരുന്നു

## ജീവവൃക്ഷത്തിന്റെ ദർശനം നാം കാണണം

**III. നമുക്ക് ജീവവൃക്ഷത്തിന്റെ ഒരു ദർശനം—ക്രിസ്തുവിൽ ദൈവം നമ്മുടെ ആഹാരമായുള്ള ഒരു ദർശനം—ആവശ്യമാണ്**

- ഭക്ഷണരൂപത്തിൽ ജീവനായി അവനെത്തന്നെ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് പകരുന്ന ക്രിസ്തുവിലുള്ള ത്രിയേക ദൈവത്തെ ജീവവൃക്ഷം സൂചിപ്പിക്കുന്നു
- ജീവവൃക്ഷം പ്രപഞ്ചത്തിന്റെ കേന്ദ്രമാണ്
  - ദൈവത്തിനും മനുഷ്യനും ജീവവൃക്ഷത്തേക്കാൾ കേന്ദ്രീയവും നിർണായകവുമായ മറ്റൊന്നുമില്ല
- ജീവവൃക്ഷം എന്ന പ്രതിരൂപത്തിന്റെ നിറവേറലാണ് ക്രിസ്തു എന്ന് പുതിയനിയമം വെളിപ്പെടുത്തുന്നു
- യോഹന്നാന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ എല്ലാ വശങ്ങളും ജീവവൃക്ഷത്തിന്റെ അനന്തരഫലമാണ്
- ജീവവൃക്ഷത്തിന്റെ ആസ്വാദനം ദൈവത്താൽ വീണ്ടെടുക്കപ്പെട്ട എല്ലാവരുടെയും നിത്യ ഓഹരിയായിരിക്കും

## നമ്മുടെ പ്രായോഗിക ജീവിതത്തിൽ നാം ദൈവത്തിന്റെ മണ്ഡലത്തിൽ ജീവിക്കണം

**IV. നാം വീണ്ടുംജനിച്ചപ്പോൾ, ക്രിസ്തു ജീവവൃക്ഷമായി അവനെത്തന്നെ നമ്മിലേക്ക് നട്ടു**

- നമ്മുടെ പ്രായോഗിക ജീവിതത്തിൽ, നാം ജീവവൃക്ഷത്തിന്റെ രേഖയിലല്ല, മറിച്ച് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ രേഖയിലായിരിക്കാം
- ഇയ്യോബ് ധാർമ്മികതയുടെ മണ്ഡലത്തിലുള്ള ചിലതിനെ പിൻപറ്റി, എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസികളായ നാം ദൈവത്തിന്റെ മണ്ഡലത്തിലുള്ള ചിലതിനെ പിൻപറ്റണം
- നമ്മുടെ ദൈനംദിന ജീവിതത്തിൽ, നാം നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ മണ്ഡലത്തിലായിരിക്കരുത്, മറിച്ച് ജീവൻ-നൽകുന്ന ആത്മാവിന്റെ മണ്ഡലത്തിലായിരിക്കണം
- നാം ദൈവത്തോട് പൂർണമായി ഒന്നായിരിക്കുന്ന വ്യക്തികളാകത്തക്കവണ്ണം നമ്മെ ഇടിച്ചുകളയുകയും, നമ്മുടെ ജീവനും പ്രകൃതവുമെന്ന നിലയിൽ അവനെക്കൊണ്ടുതന്നെ നമ്മെ വീണ്ടും പണിയുകയും ചെയ്യുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം



PSRP യോഗം സൂമിൽ (Zoom)—തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് Meeting ID: 984 094 547 Passcode: 1